LBS CENTRE FOR SCIENCE AND TECHNOLOGY
(A Government of Kerala Undertaking)
Nandavanam, Palayam, Thiruvananthapuram - 695 033, Kerala.
Phone: 0471 - 2324396, 2324148 Fax: 0471-2337055
Email: mail@lbscentre.org Websites: www.lbskerala.com www.lbscentre.org

Ref: B9/154A/2018 Date : 22-05-2018

# സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

# നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനം

സംസ്ഥാനത്തെ സർക്കാർ സ്വാശ്രയ കോളേജുകളിൽ 2018 വർഷത്തെ ബി.എസ്.സി. നേഴ്സിംഗ്, ബി.എസ്.സി. എം.എൽ.റ്റി, ബി.എസ്.സി. പെർഫ്യൂഷൻ ടെക്നോളജി, ബി.പി.റ്റി., ബി.എസ്.സി.(ഒപ്റ്റോമെട്രി), ബി.എസ്.സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി(എം.ആർ.റ്റി), ബി.എ.എസ്സ്.എൽ.പി., ബി.സി.വി.റ്റി., എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു. പ്രോസ്പെക്ടസ്സ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 600 രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 300 രൂപയുമാണ്. www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രാഥമിക വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ ലഭിക്കുന്ന ചെല്ലാൻ ഉപയോഗിച്ച് മേയ് 24 മുതൽ ജൂൺ 16 വരെ വരെ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകളിലും അപേക്ഷാഫീസ് ഒടുക്കാവുന്നതാണ്. അപേക്ഷാഫീസ് ഓൺലൈനായും ഒടുക്കാവുന്നതാണ്. തുടർന്ന് അപേക്ഷാ നമ്പരും, ബാങ്കിൽ നിന്നും ലഭിക്കുന്ന ചെല്ലാൻ നമ്പരും ഉപയോഗിച്ച് അപേക്ഷകർക്ക് മേയ് 25 മുതൽ ജൂൺ 18 വരെ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഓൺലൈൻ അപേക്ഷാ സമർപ്പണം പൂർത്തിയാക്കാവുന്നതാണ്. പ്രിന്റൗട്ടെടുത്ത് ഒപ്പ് രേഖപ്പെടുത്തി ചെല്ലാൻ രസീതിന്റെ ഓഫീസ് കോപ്പിയും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഡയറക്ടർ, എൽ.ബി.എസ്സ് സെന്റർ സയൻസ്സ് ആൻഡ് ടെക്നോളജി, എക്സ്ട്രാ പോലീസ് റോഡ്, നന്ദാവനം, പാളയം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ 2018 ജൂൺ 20 ന് വൈകിട്ട് 5 മണിക്കകം ലഭിക്കേണ്ടതാണ്.

ബി.എസ്.സി.നേഴ്സിംഗ്, ബി.എസ്.സി.(എം.എൽ.ററി.), ബി.എസ്.സി.(ഒപ്റ്റോമെട്രി) എന്നീ കോഴ്സുകൾക്ക് കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കണ്ടറി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ, ഇംഗ്ലീഷ്, ഫിസിക്സ്,

കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾക്ക് മൊത്തത്തിൽ 50 ശതമാനം മാർക്കോടെ വിജയിച്ചവർ പ്രവേശനത്തിന് അർഹരാണ്.

ബി.എസ്.സി പെർഫ്യൂഷൻ ടെക്നോളജി, ബി.സി.വി.റ്റി, ബി.പി.റ്റി, ബി.എസ്.സി. എം.ആർ.റ്റി എന്നീ കോഴ്സുകൾക്ക് അപേക്ഷിക്കുന്നവർ ഫിസിക്സും, കെമിസ്ട്രിയും ബയോളജിയും ഐച്ഛിക വിഷയങ്ങളായി കേരള +2/ഹയർ സെക്കണ്ടറി അല്ലെങ്കിൽ തത്തുല്യമെന്ന് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും പരീക്ഷകൾ പാസ്സായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി, ബയോളജിക്ക് 50% മാർക്കും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മൊത്തത്തിൽ 50% മാർക്കും നേടിയിരിക്കണം. B.P.T കോഴ്സിന് അപേക്ഷിക്കുന്നവർ ഈ യോഗ്യതയ്ക്ക് പുറമെ +2 തലത്തിൽ ഇംഗ്ലീഷ് ഒരു വിഷയമായി പഠിച്ചിരിക്കേണ്ടതാണ്.

ബി.എ.എസ്സ്.എൽ.പി. കോഴ്സിന് അപേക്ഷിക്കുന്നവർ കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ, ഫിസിക്സ്, കെമിസ്ട്രി,ബയോളജി/മാത്തമറ്റിക്സ്/കമ്പ്യൂട്ടർസയൻസ് എന്നിവയ്ക്കു മൊത്തത്തിൽ 50% മാർക്കോടെ ജയിച്ചവർ ബി.എ.എസ്സ്.എൽ.പി. കോഴ്സിന് അർഹരാണ്.

കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷ കേരള ഹയർ സെക്കണ്ടറി പരീക്ഷക്ക് തത്തുല്യ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപെട്ട അപേക്ഷകർക്ക് 5% മാർക്ക് ഇളവ് അനുവദിക്കുന്നതാണ്. അതായത്, ബയോളജിക്ക്/മാത്തമാറ്റിക്സിന് 45 ശതമാനവും ഐച്ഛിക വിഷയങ്ങൾക്ക് മൊത്തത്തിൽ 45 ശതമാനവും. പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യതാ പരീക്ഷ ജയിച്ചാൽ മാത്രം മതിയാകും.

അപേക്ഷാർത്ഥികൾ 2018 ഡിസംബർ 31 ന് 17 വയസ് പൂർത്തീകരിച്ചിരിക്കണം. സർവ്വീസ് ക്വാട്ടയിലുള്ളവർ ഒഴികെ മറ്റാർക്കും ഉയർന്ന പ്രായ പരിധിയില്ല. സർവ്വീസ് ക്വോട്ടയിലേയ്ക്കുള്ള അപേക്ഷാർത്ഥികൾക്ക് 31/12/2018 ൽ പരമാവധി 46 വയസ്സും ആയിരിക്കും.

കൂടുതൽ വിവരങ്ങൾ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയനിവാരണത്തിന് 0471 2560361, 2560362, 2560363, 2560364, 2560365 എന്നീ നമ്പറുകളുമായി ബന്ധപ്പെടുക.

LBS CENTRE FOR SCIENCE & TECHNOLOGY TRIVANDRUM Pin-695 033

ഡയറക്ടർ

Director
L.B.S. Centre for
Science and Technology
Thiruvananthapuram